# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 79**

നമ്മുടെ ________________________________ ഇടവകക്കാർക്ക്
വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

സഭയുടെ വളർച്ചയ്ക്ക് അനുസരിച്ച് ആഫീസ് ക്രമീകരണങ്ങളും, ചെലവുകളും വർദ്ധിക്കുക സ്വാഭാവികമാണല്ലോ. സഭയുടെ പൊതു ചെലവുകളായ ശമ്പളം, തപാൽ, ടെലിഫോൺ, ഇലക്ട്രിസിററി, കംപ്യൂട്ടർ, അച്ചടി, ഭദ്രാസനങ്ങൾക്കും, തിരുമേനി മാർക്കും, പ്രോജക്ടുകൾക്കും നൽകുന്ന സഹായം എന്നിവയ്ക്കുള്ള പ്രധാന വരുമാനം ഇടവകകളിൽ നിന്നും നൽകുന്ന നിത്യചെലവാണ്. കഴിഞ്ഞ 13 വർഷമായി ഇതിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല.

2022 ഡിസംബർ മാസം ഒന്ന്, രണ്ട് തീയതികളിൽ കൂടിയ ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡ് ഇതു പഠിച്ച് ഇടവകകളുടെ **നിത്യചെലവ്** കാലോചിതമായി പുതുക്കുകയും, 2023 ഏപ്രിൽ 1 മുതൽ വർദ്ധനവ് പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ഇന്ത്യയ്ക്കകത്ത് ഒരു കുടുംബത്തിന് ഒരു വർഷം 20 രൂപാ എന്ന നിരക്കിലാണ് ഓരോ ഇടവകയ്ക്കും നിത്യചെലവ് വിഹിതം നിശ്ചയിച്ചിരിക്കുന്നത്.

അതിൻപ്രകാരം ആ ഇടവകയ്ക്ക് പുതുക്കി നിശ്ചയിച്ചിരിക്കുന്ന തുക ________________ രൂപയാണ്. ഈ പുതുക്കിയ **നിത്യചെലവ്** തുക ക്രമമായി സഭാ ആഫീസിൽ അടയ്ക്കുകയും, കുടിശിക വരുത്താതെ ശ്രദ്ധിക്കുകയും വേണം. നിത്യചെലവ് ഇനത്തിൽ കുടിശികയുള്ളവർ എത്രയും വേഗം ആ തുക സഭാ ആഫീസിൽ അടയ്ക്കേണ്ടതാണ്.

സഭാ ആഫീസിൽ അടയ്ക്കേണ്ട വിഹിതങ്ങൾ സാമ്പത്തിക വർഷാവസാനം വരെ താമസിപ്പിക്കാതെ മൂന്നുമാസത്തിൽ ഒരിക്കൽ ക്രമമായി അടച്ചാൽ പ്രവർത്തനങ്ങൾ വിഘ്നം കൂടാതെ നടത്തുന്നതിന് സാധിക്കും. ഈ കാര്യത്തിൽ പട്ടക്കാരുടെയും, ഇടവക ചുമതലക്കാരുടെയും, ജനങ്ങളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 മാർച്ച് മാസം 1-ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No: 79**

*Blessings to the members of the* ______________________________________________

*Mar Thoma Church.*

Dearly beloved in the Lord,

In proportion with the growth of the Church, the arrangements and related expenditures of the administrative offices of the Church have been increasing naturally. The *Nityachelavu* given from our parishes is the main income for the expenses of the Church such as salary, postage, telephone, electricity, computer expenses, printing, assistance given to our dioceses, Bishops, and projects. However, there has been no increase in *Nityachelavu* for the past 13 years.

The Hon. Episcopal Synod that met on 1st and 2nd December 2022 has studied this and has decided to revise the ***Nityachelavu*** of the parishes in a relevant manner to the times, which will come into force from 1st April 2023. Within India, the rate of *Nityachelavu* for each parish has been fixed at Rs. 20 per family per year. Accordingly, the revised amount fixed for this parish is Rs. __________________. Do remember to remit the revised ***Nityachelavu*** amount regularly and without arrears to the Sabha Office. Those with already outstanding arrears must remit the same to the Sabha Office without delay.

It will be possible to carry forward our activities without interruptions when the various amounts to be remitted to the Sabha Office are remitted regularly once in three months, instead of delaying till the end of the financial year. We exhort the special attention of the Vicars, office bearers and members of the parishes into this matter.

Grace be with all of you.

Dated 1st March 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**